**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2578** **06-10-2025 - ൽ മറുപടിയ്ക്ക്**

**ജി. എസ്. ടി നികുതി വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2025-ൽ ആകെ ജി. എസ്. ടി. വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം പുതിയ പദ്ധതികൾ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പുനഃസംഘടനയിലൂടെ വിവിധ വെർട്ടിക്കലുകൾ രൂപീകരിക്കുകയുണ്ടായി. അതിലൂടെ നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകുവാനും നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ തുടർന്നും സ്വീകരിക്കും. ടാക്സ് പെയർ സർവ്വീസസ്, നികുതി ദായകർ റിട്ടേണുകൾ യഥാസമയം ഫയൽ ചെയ്യുന്നുണ്ടോന്ന് നിരീക്ഷിക്കുകയും പ്രസ്തുത റിട്ടേണുകൾ പരിശോധിച്ച് നികുതി അടവ് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഓഡിറ്റ് വിഭാഗം നികുതി ദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് (പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി) ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് നടത്തി നികുതിദായകർ സൂക്ഷിച്ചിരിക്കുന്ന രേഖകളും അക്കൗണ്ടുകളും വിശദമായി പരിശോധിച്ച് നടപടികൾ എടുത്തുവരുന്നു. എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഇ-വേ ബിൽ, ഇ-ഇൻവോയ്സ് തുടങ്ങിയവ നിയമപ്രകാരം ചരക്ക് നീക്കങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയും ചെയ്തു വരുന്നു. നികുതി വെട്ടിച്ച് നടത്തുന്ന ചരക്ക് നീക്കങ്ങളെ തടഞ്ഞ് പിഴ ചുമത്തുകയും കണ്ടുകെട്ടേണ്ടതായ കേസുകളിൽ നികുതി വെട്ടിച്ച് കടത്തുന്ന ചരക്കുകളും വാഹനങ്ങളും കണ്ടു കെട്ടാനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഇന്റലിജൻസ് വിഭാഗം വിവര സാങ്കേതിക വിദ്യയുടെ പിൻബലത്തോടെയും രഹസ്യ അന്വേഷണം, ഇൻഫോർമേഴ്സ്, പരാതികൾ എന്നിവയിലൂടെയും ലഭിക്കുന്ന നികുതി വെട്ടിപ്പുകളെ സംബന്ധിച്ച സൂചനകൾ കൃത്യമായി അപഗ്രഥിച്ച് അന്വേഷണം നടത്തുകയും ആയതിലൂടെ നികുതി വെട്ടിപ്പിന്റെ |

| | | | |
|---|---|---|---|
| | | | വ്യാപ്തിയും ആധികാരികതയും ഉറപ്പ് വരുത്തി സേർച്ച്/ ഇൻസ്പെക്ഷൻ നടത്തി പെനാൽറ്റിയും നികുതിയും ഈടാക്കുന്നു. ഇതുകൂടാതെ അനിവാര്യ ഘട്ടങ്ങളിൽ നികുതി വെട്ടിപ്പുകാരെ അറസ്റ്റിന് വിധേയമാക്കുകയും ചെയ്യുന്നു.<br><br>നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന്റെ ഭാഗമായി അവർക്കു നൽകേണ്ട നികുതി റീഫണ്ടുകൾ വേഗത്തിലാക്കുവാൻ വേണ്ടി സെൻട്രൽ റീഫണ്ട് പ്രോസസ്സിംഗ് ഫോർമേഷൻ (CRPF) രൂപീകരിച്ചിട്ടുണ്ട്.<br><br>അത് പരീക്ഷണാടിസ്ഥാനത്തിലാണ് രൂപീകരിച്ചിട്ടുള്ളത്. ആയതിന്റെ തുടർനടപടികൾ സ്വീകരിക്കും. ആധുനിക വാർത്താ വിനിമയ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി നികുതിദായകർക്ക് അവരുടെ നികുതി നിർണ്ണയ നോട്ടീസുകളിന്മേൽ വാദം കേൾക്കുന്നതിനും രേഖകൾ ഹാജരാക്കുന്നതിനും വകുപ്പിന്റെ ഓഫീസുകൾ സന്ദർശിക്കാതെ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ പ്രയോജനപ്പെടുത്തി നികുതി നിർണ്ണയം നടത്തുവാനുള്ള 'faceless adjudication' പരീക്ഷണാടിസ്ഥാനത്തിൽ രണ്ടു ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. ഇത് മറ്റു ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കും.<br><br>കൃത്യമായി നികുതി ഒടുക്കി ബിസിനസ്സ് നടത്തുന്നവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യുവാനും നികുതി വെട്ടിപ്പുകാരെ കൃത്യമായി മനസ്സിലാക്കി ശിക്ഷിക്കുവാനുമുള്ള പ്രവർത്തനങ്ങൾ വകുപ്പ് സ്വീകരിച്ചുവരുന്നതിലൂടെ സംസ്ഥാനത്ത് ഒരു ബിസിനസ്സ് സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ജി. എസ്. ടി. ചോർച്ച തടയുന്നതിനുള്ള ടെക്നോളജി അധിഷ്ഠിത മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | ജി എസ് ടി വെട്ടിപ്പ് തടയുക എന്ന ലക്ഷ്യ പൂർത്തീകരണത്തിനു വേണ്ടി ടെക്നോളജി അധിഷ്ഠിത മാർഗ്ഗമായി വകുപ്പ് ഓട്ടോമേറ്റഡ് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ (ANPR) സംവിധാനം പ്രാവർത്തികമാക്കിയിട്ടുണ്ട്. കൂടാതെ G.S.T Common Portal ലെ റിപ്പോർട്ടുകളും specialized ആയിട്ടുള്ള Analytics Portal കളായ BIFA (Business Intelligence & Fraud Analytics), E-Way Bill Analytics Portal, GST Prime തുടങ്ങിയ സംവിധാനങ്ങളും ഉപയോഗിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ